കാൽനൂറ്റാണ്ടുമുമ്പ് ഒരു റമദാൻ മാസം. രാവിലെ എഴുന്നേറ്റ നേരിയ മഴ വകവെക്കാതെ പുരയിടത്തിലെ മേലെ കണ്ടത്തിൽ എവിടെയോ പോയിരിക്കയായിരുന്നു. കനത്ത മഴയിൽ ഇരുവഴിഞ്ഞി കരകവിഞ്ഞു വീടിനു മുമ്പിലെ വാലിൽ വെള്ളം നിറഞ്ഞുതുടങ്ങി. കുട്ടിക്കാലം മുതൽ എല്ലാ മഴക്കാലത്തെയും പതിവുകാഴ്ച. പതിനൊന്നാം വയസ്സിൽ ബാപ്പ മരണപ്പെട്ട നാളിലും ഇതുപോലൊരു വർഷകാലത്ത് നെൽപാടം വെള്ളപ്പൊക്കത്തിൽ മുടിങ്ങിടന്നതും മമ്മിത്ത് തോണിയിൽ അക്കരെ കടത്തിയതും ഓർമവന്നു.

'മക്കേ, തെയ്യത്തുംകടവത്ത് തോണി മറിഞ്ഞ് ആരൊക്കെയോ വെള്ളത്തിൽ മുങ്ങീന്ന്' ഉമ്മ വിളിച്ചുപറഞ്ഞപ്പോൾ പെട്ടെന്ന് ഷർട്ടെടുത്തിട്ട് പുഴക്കരയിലേക്ക് ഓട്ടമായി. പിൻഭാഗത്തുനിന്നു മുന്നിലേക്കു കുതിച്ചുകയറിയ ഒരു ഓട്ടം. ഒരു നിമിഷം കഴിഞ്ഞ് ഞാൻ കണ്ടു. ഒരു ചുഴി. ചുഴിയിൽ ഒരു കുട്ടി. ഒരു കുട്ടി. ഒരു കുട്ടി.